## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6260 31.10.2011-ൽ മറുപടിക്ക്

### പ്ലാസ്റ്റിക് റീസൈക്ളിംഗ് യൂണിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ: | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) എല്ലാ പഞ്ചായത്തുകളിലും ഒരു പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് തുടങ്ങണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്ത്, പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി സന്നദ്ധമായി മുന്നോട്ടു വരുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകളുടേയും റീസൈക്ലിംഗ് യൂണിറ്റുകളുടേയും പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അംഗീകാരം നൽകിവരുന്നു. ഇതിനായി ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. |
| ബി) എങ്കിൽ എല്ലാ പഞ്ചായത്തുകളിലും ഒരു റീസൈക്ലിംഗ് യൂണിറ്റ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ? | ബി) സംസ്ഥാനത്ത് സന്നദ്ധമായി മുന്നോട്ടുവരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് പഞ്ചായത്ത് തലത്തിലോ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യാനായി റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇപ്രകാരം സ്ഥാപിക്കുന്ന |

റിസോഴ്സ് റിക്കവറി സെന്ററുകളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കൾ സംഭരിക്കാനാണ് ലക്ഷ്യമിടുന്നത്. കുടുംബശ്രീയേയോ സ്വയം സഹായ സംഘങ്ങളേയോ ഉപയോഗപ്പെടുത്തി വീടുകളിൽ നിന്നും മറ്റ് ഉറവിടങ്ങളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യം സംസ്കരിക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്. റിസോഴ്സ് റിക്കവറി സെന്ററുകളിൽ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് സൂക്ഷിക്കുന്നതിനും അവ ജില്ലാതലത്തിലുള്ള പ്ലാസ്റ്റിക് ഗ്രാന്യൂൾ യൂണിറ്റുകളിലേയ്ക്കും പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകളിലേയ്ക്കും കൈമാറാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്ക് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക അനുമതിയും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകി പ്രോത്സാഹിപ്പിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ